## NEWS & EVENTS

# തൃശ്ശൂർ ജില്ലാ റൂറൽ പോലീസിന് ഇത് അഭിമാന നിമിഷം!.

തൃശ്ശൂർ റൂറൽ ജില്ലയിലെ ആദ്യത്തെ ISO സർട്ടിഫൈഡ് പോലീസ് സ്റ്റേഷൻ ആയി 1988 ൽ സ്ഥാപിതമായ കൊരട്ടി പോലീസ് സ്റ്റേഷനെ തിരഞ്ഞെടുത്തു. സ്റ്റേഷനിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ മുൻനിർത്തിയാണ് പോലീസ് സ്റ്റേഷനുകൾക്ക് ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നത്. ഫലപ്രദമായ രീതിയിൽ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തികളും കുറ്റാന്വേഷണം, ക്രമസമാധാന പാലനം, പൊതുജന സമാധാനം ഉറപ്പുവരുത്തൽ, മയക്കുമരുന്ന് ഉപയോഗം തടയുന്നതിനും, കണ്ടെത്തി പിടികൂടുന്നതിനും കൊരട്ടി പോലീസ് സ്റ്റേഷൻ വളരെയധികം പ്രശംസ നേടിയിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായി സ്റ്റേഷനിൽ വരുന്നവർക്ക് ഏർപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിലയിരുത്തിയാണ് ISO അധികൃതർ സർട്ടിഫിക്കേഷൻ നൽകുന്നത്. ഇതിനു പുറമെ പൊതുജന സൗഹാർദ്ദ അന്തരീക്ഷം, ഗ്രീൻ പ്രോട്ടോകോൾ സംവിധാനം, ആകർഷവും സൗഹാർദപരവുമായ പോലീസ് സ്റ്റേഷൻ പരിസരം, സ്റ്റേഷനിൽ ക്രമീകരിച്ചിരിക്കുന്ന സുരക്ഷാ സംവിധാനം, ശുചീകരണ സംവിധാനം, പോലീസ് സ്റ്റേഷൻ രേഖകളുടെ ഉചിതവും മാതൃകാപരവുമായ സംരക്ഷണവും എന്നീ വിഷയങ്ങൾ ISO സർട്ടിഫിക്കേഷനുവേണ്ടി പരിഗണിക്കപ്പെട്ടിട്ടുണ്ട്. ജനങ്ങളുടെ പരാതികൾക്ക് കാലതാമസം കൂടാതെയുള്ള പരിഹാരവും, സ്റ്റേഷനിൽ വരുന്ന എല്ലാവർക്കും ഇരിക്കാനും ആവശ്യത്തിന് വിശ്രമിക്കാനുമുള്ള സൗകര്യവും, വായന സൗകര്യം, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവരുമായുള്ള ആശയവിനിമയം, ട്രാഫിക് നിയന്ത്രണം, പോലീസ് ഉദ്യോഗസ്ഥർക്ക് റിഫ്രഷ്മെൻറിനു വേണ്ട സ്ഥലവും സൗകര്യവും, തൊണ്ടി മുതലുകൾക്കു QR കോഡ് പതിപ്പിച്ചുകൊണ്ടുള്ള സംവിധാനവും ISO അധികൃതരുടെ ശ്രദ്ധ പിടിച്ചുപറ്റി. ജനമൈത്രി പോലീസ് സംവിധാനവും, 'പാഥേയം' എന്ന പേരിൽ ജനമൈത്രി പോലീസിൻെറ സഹായത്തോടുകൂടി സൗജന്യമായി ഭക്ഷണം വിതരണം ചെയ്യുന്നതും പ്രാഥമിക ആരോഗ്യ കേന്ദ്രവുമായി ബന്ധപെട്ടു പോലീസ് ഉദ്യോഗസ്ഥരുടെ ജീവിത ശൈലി രോഗങ്ങൾക്ക് ആവശ്യമായ ചികിത്സ

സൗകര്യവും ഏറെ ശ്രദ്ധ നേടിയ കാര്യങ്ങളായിരുന്നു. മൂന്നു മാസത്തിലധികമായി ISO അധികൃതർ പല തവണ സന്ദർശനം നടത്തി പോലീസ് സ്റ്റേഷൻെറ പ്രവർത്തനങ്ങൾ നിരീക്ഷിച്ച ശേഷമാണ് കൊരട്ടി പോലീസ് സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരമുള്ള ISO സർട്ടിഫൈഡ് പോലീസ് സ്റ്റേഷൻ ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്.

ബഹു. തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി മിസ്. ഐശ്വര്യ ഡോങ്റെ IPS അവർകളുടെ നേതൃത്വത്തിൽ ചാലക്കുടി DySP ശ്രീ. C.R സന്തോഷ്, കൊരട്ടി SHO, ശ്രീ . B.K അരുൺ എന്നിവർ നൽകിയ നിർദ്ദേശങ്ങളും ഈ നേട്ടത്തിന് സഹായകമായി. ചാലക്കുടി M.L.A ശ്രീ. സനീഷ് കുമാർ ജോസഫ് അവർകളുടെ സാന്നിധ്യത്തിൽ ISO കേരള പ്രതിനിധി ശ്രീ. N. ശ്രീകുമാറിൽ നിന്നും പ്രസ്തുത സർട്ടിഫിക്കറ്റ് 03/03/2022 ന ബഹു. തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി മിസ്. ഐശ്വര്യ ഡോങ്റെ IPS, തൃശ്ശൂർ റൂറൽ പോലീസിനു വേണ്ടി ഏറ്റുവാങ്ങി.

# തൃശൂർ റൂറൽ പോലീസിന്
# അഭിമാന നിമിഷം

## കൊരട്ടി പോലീസിന് ISO പദവി









**കൊരട്ടി പോലീസ് സ്റ്റേഷന്റെ ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റത്തിനാണ് ISO സെർട്ടിഫിക്കേഷൻ ലഭിച്ചത്.**

# Certificate of Registration

This is to certify that the Quality Management System of

## POLICE STATION KORATTY

**THRISSUR RURAL, THRISSUR DISTRICT,**
**KERALA, INDIA, PIN: 680308**

Has been successfully assessed &
conforms with the following standard

# ISO 9001:2015

### Scope of Certification

**PREVENTION & DETECTION OF CRIMES, MAINTENANCE OF LAW & ORDER, ESTABLISH PUBLIC PEACE, TRANQUILITY AND OTHER POLICING ACTIVITIES IN THE JURISDICTION AREA OF KORATTY POLICE STATION WITH MOST MODERN AMENITIES, LATEST INFRASTRUCTURES, PEOPLE/CUSTOMER FRIENDLY ATMOSPHERE, VERY SOPHISTICATED BEHAVIOUR AND APPROACH TOWARDS PUBLIC, PROMOTING GREEN PROTOCOL AND ENVIRONMENT FRIENDLY SURROUNDINGS, AGRICULTURAL, EDUCATIONAL SPORTS PROMOTION ACTIVITIES AND SUPPORT SERVICES**

**Certificate No.: SMS/QMS/A22/3168**

| | | | |
|---|---|---|---|
| Initial Registration Date | : 04-01-2022 | Issue Date | : 04-01-2022 |
| Surveillance 1 Audit Date | : 04-12-2022 | Expiry Date | : 03-01-2025 |
| Surveillance 2 Audit Date | : 04-12-2023 | | |

**UAF is Member of International Accreditation Forum (IAF)**

Signature of Director

Accreditation No. CB-MS-2809
(Accredited by United Accreditation Foundation (UAF),
400 North Center DR, STE 202, Norfolk, VA 23502, United States of America
**To Check Certification Status:**
www.uafaccreditation.org & www.saaracertification.com


**SAARA MANAGEMENT SYSTEM PRIVATE LIMITED**
F-7, Top Floor, Main Road, Kalkaji, New Delhi-110019, India
E-mail: saaramspl@gmail.com Website: www.saaracertification.com


**THE VALIDITY OF CERTIFICATE IS SUBJECT TO REGULAR SURVEILLANCE AUDIT ON OR BEFORE ABOVE MENTIONED DATES AND IS VALID ONLY AFTER THE SUCCESSFUL COMPLETION OF SURVEILLANCE AUDIT**


Samsung Quad Camera
Shot with my Galaxy M31


KORATTY POLICE
DONATED BY
CHALAKUDY SOCIAL CARE FOUNDATION
Samsung Quad Camera
Shot with my Galaxy M31